(ഇ) എങ്കിൽ എന്ന് ; ഏറ്റെടുത്തശേഷം ഓരോവർഷവും ഇവിടെ അഡ്മിഷൻ ലഭിച്ച കുട്ടികളുടെ എണ്ണവും പഠിക്കുന്ന കോഴ്സും സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1995-ൽ.

(ബി) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബാച്ച്	അദ്ധ്യായനവർഷം	എണ്ണം
I	1995-96	98
II	1996-97	101
III	1997-98	98
IV	1998-99	101
V	1999-2000	100
VI	2000-2001	100

(സി) 1860-ലെ ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട്പ്രകാരം രൂപീകരിച്ച അക്കാഡമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം എന്ന സ്ഥാപനമായിരുന്നു കോളേജ് സ്ഥാപിച്ചത്. പ്രസ്തുത അക്കാഡമിയുടെ നിയമാവലികൾക്ക് അനുസൃതമായിരുന്നു മാനേജ്മെന്റ് സംവിധാനം.

(ഡി) ഉണ്ട്.

(ഇ) 9-2-1997 മുതൽ ഈ മെഡിക്കൽ കോളേജിന്റെ മാനേജ്മെന്റ് സർക്കാർ ഏറ്റെടുത്തു. സർക്കാർ ഏറ്റെടുത്തശേഷം ഓരോ വർഷവും ഇവിടെ അഡ്മിഷൻ ലഭിച്ച കുട്ടികളുടെ എണ്ണവും പഠിക്കുന്ന കോഴ്സും ചുവടെ ചേർക്കുന്നു.

കോഴ്സ്	അദ്ധ്യായനവർഷം	കുട്ടികളുടെഎണ്ണം
എം.ബി.ബി.എസ്.	1997-98	98
	1998-99	101
	1999-2000	100
	2000-2001	100

റെഡ്ക്രോസ് സൊസൈറ്റി ജനറൽ നഴ്സിംഗ്

34(1847) ശ്രീ. ഇ. എം. അഗസ്തി :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന റെഡ് ക്രോസ് സൊസൈറ്റി ജനറൽ നഴ്സിംഗ് കോഴ്സ് നടത്തുന്നുണ്ടോ ; എങ്കിൽ കോഴ്സ് തുടങ്ങിയത് എന്നു മുതൽ ;

(ബി) ഈ കോഴ്സ് നടത്തുന്നതിന് ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ അനുമതി നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) റെഡ് ക്രോസ് സൊസൈറ്റി അനധികൃതമായി നഴ്സിംഗ് കോഴ്സ് നടത്തുന്നതായി 2000-ൽ പരാതി ലഭിക്കുകയുണ്ടായി.

(ബി) ഇല്ല.

(സി) ബാധകമല്ല.

സ്റ്റാഫ് നഴ്സുമാരുടെ നിയമനം നടത്തുന്നതിന് നടപടി

35(1849) ശ്രീ. പി. ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനത്തിന് വേണ്ടി പരീക്ഷ നടത്തുമ്പോൾ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു ;

(ബി) 20-5-2000-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) താത്ക്കാലികാടിസ്ഥാനത്തിൽ 50-ൽ അധികം ജീവനക്കാർ ഈ തസ്തികയിൽ തുടരുമ്പോഴും എന്തുകൊണ്ട് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താത്തതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒഴിവുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

തിരുവനന്തപുരം	111
എറണാകുളം	15
കോഴിക്കോട്	102
തൃശ്ശൂർ	48
വയനാട്	6

(ബി) വേക്കൻസി റിപ്പോർട്ട് താഴെപ്പറയുന്നു.

തിരുവനന്തപുരം	17
ആലപ്പുഴ	41
കൊല്ലം	2

LIBRARY ARCHIVES Kerala Legislative Assembly